LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ. കുമാരൻ :

ശ്രീ. പി. രാഘവൻ :

ശ്രീ. എം. ദാസൻ :

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരാധിഷ്ഠിത വ്യവസായങ്ങൾ കൂടുതൽ ആരംഭിക്കുന്നതിനെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് നാളികേരാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുവാൻ കേരഫെഡിന്റെ ആഭിമുഖ്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തൊക്കെ വ്യവസായങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കേരഫെഡിന്റെ ആഭിമുഖ്യത്തിൽ എന്തൊക്കെ ഉൽപ്പന്നങ്ങളാണ് ഇപ്പോൾ വിപണിയിൽ ഇറക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് നാളികേരാധിഷ്ഠിത വ്യവസായങ്ങൾ കൂടുതൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ),(ബി),(സി)&(ഡി) നാളികേരാധിഷ്ഠിത വ്യവസായങ്ങളുടെ സാധ്യതയെ സംബന്ധിച്ച് കേരഫെഡ് പഠനം നടത്തിയിട്ടുണ്ട്. കോക്കനട്ട് ക്രീം, കോക്കനട്ട് മിൽക്ക്, ഡെസിക്കേറ്റഡ് കോക്കനട്ട്, ചകിരിയിൽനിന്നുള്ള ജിയോ ടെക്സ്റ്റൈൽസ്, ബ്രിക്കറ്റ്സ് എന്നിവയ്ക്ക് വിപണനസാധ്യതയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ഉൽപ്പാദനത്തിനും വിപണനത്തിനുമായുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ആഹാരാധിഷ്ഠിതമായ നാളികേര ഉൽപ്പാദനങ്ങളുടെ ഫാക്ടറിയും വ്യവസായാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ ഫാക്ടറിയും എറണാകുളത്ത് സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. കേരഫെഡിന്റെ നെടുവണ്ണൂർ ഫാക്ടറിയുടെ നിർമ്മാണം പൂർത്തിയായി. നാളികേര പൗഡർ ക്രീം, പാൽ എന്നിവയാണ് ഉൽപ്പന്നങ്ങൾ. പതിനാലരക്കോടി രൂപ ഫാക്ടറിക്ക് ചെലവ് വരും.

(ഇ) കേര ബ്രാന്റ് വെളിച്ചെണ്ണയും 'കേരകേശ്' ഹെയർ ഓയിലുമാണ് ഇപ്പോൾ കേരഫെഡിന്റേതായി വിപണിയിൽ ഉള്ളത്.

(എഫ്) നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് കേരാധിഷ്ഠിത പ്രോജക്ടുകൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി ഹൈടെക് ഇൻ അഗ്രികൾച്ചർ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

113 (2676) കൊപ്ര ഉൽപ്പാദനം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു വർഷം എത്ര ടൺ കൊപ്ര ഉൽപ്പാദിപ്പിക്കുന്നു;

(ബി) ഇതിൽ എത്ര ടൺ കൊപ്ര കേരളത്തിലെ മില്ലുകളിൽ ആട്ടി എണ്ണയാക്കുന്നു;

(സി) ഇതിൽ എത്ര ടൺ എണ്ണ ആഭ്യന്തര ഉപയോഗം കഴിഞ്ഞ് അന്യ സംസ്ഥാനങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നു;

(ഡി) വെളിച്ചെണ്ണയുടെ വില നിയന്ത്രിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നത് ആരാണ്;

(ഇ) സംസ്ഥാന സർക്കാർ ഏതെങ്കിലും രീതിയിൽ വെളിച്ചെണ്ണ വില നിയന്ത്രിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏകദേശം 4.5 ലക്ഷം ടൺ

(ബി) 3.15 ലക്ഷം ടൺ

(സി) ഏകദേശം 1 ലക്ഷം ടൺ

(ഡി) ഉത്തരേന്ത്യൻ ഡിമാന്റും ആഭ്യന്തര ഉപഭോഗവും

(ഇ) ഉണ്ട്. നാളികേരത്തിന്റെ വിലയിടിവ് തടയുന്നതിനായി സർക്കാർ കൊപ്രയ്ക്ക് താങ്ങുവില പ്രഖ്യാപിച്ച് സംഭരണം നടത്താറുണ്ട്.

114 (2678) വെളിച്ചെണ്ണയുടെ ഉൽപ്പാദനം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു വർഷം എത്ര ടൺ നാളികേരം കൊപ്രയാക്കുന്നുണ്ട്;

(ബി) ഇതിൽ എത്ര ടൺ കൊപ്ര കേരളത്തിലെ മില്ലുകളിൽ ആട്ടി എണ്ണ ആക്കുന്നുണ്ട്;

(സി) ഇതിൽ എത്ര ടൺ എണ്ണ ആഭ്യന്തര ഉപയോഗം കഴിഞ്ഞ് അന്യസംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുന്നുണ്ട്;

(ഡി) വെളിച്ചെണ്ണയുടെ വില നിയന്ത്രിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നതാരാണ്;

(ഇ) സംസ്ഥാനസർക്കാരിന് ഏതെങ്കിലും വിധത്തിൽ വിലനിലവാരത്തെ സ്വാധീനിക്കാൻ സാധിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഏകദേശം 3082.5 മില്യൻ നാളികേരം ഉപയോഗിച്ച് ഏകദേശം 4.5 ലക്ഷം ടൺ കൊപ്ര ഉൽപ്പാദിപ്പിക്കുന്നു.

(ബി) 3.15 ലക്ഷം ടൺ

(സി) ഏകദേശം 1 ലക്ഷം ടൺ

(ഡി) ഉത്തരേന്ത്യൻ ഡിമാന്റും ആഭ്യന്തര ഉപയോഗവും

LIBRARY ARCHIVES Kerala Legislative Assembly